SCOLE KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

**STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]**
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
**Phone: 0471 2348581, 2342950, 2342271, 2342369 Fax: 0471 2344841, email : ksos8581@gmail.com**

**നം: എ4/1923/2018/സ്കോൾ-കേരള** **തീയതി: 06.06.2018**

## 2018 – 19 അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി കോഴ്സ് രണ്ടാം വർഷ പ്രവേശനം – മാർഗരേഖ

സൂചന : (1) 09.07.2009 ലെ സ.ഉ. (സാധാ) നം. 2845/2009/പൊ.വി.-ാം നമ്പർ സർക്കാർ ഉത്തരവ്
(2) 14.07.2010 ലെ സ.ഉ. (സാധാ) നം. 3047/2010/പൊ.വി.-ാം നമ്പർ സർക്കാർ ഉത്തരവ്
(3) 03.11.2012 ലെ സ.ഉ. (സാധാ) നം. 5279/2012/പൊ.വി.-ാം നമ്പർ സർക്കാർ ഉത്തരവ്
(4) 05.08.2016 ലെ സ.ഉ. (സാധാ) നം. 2547/2016/പൊ.വി.-ാം നമ്പർ സർക്കാർ ഉത്തരവ്
(5) 2018 മാർച്ചിലെ ഒന്നും രണ്ടും വർഷ ഹയർ സെക്കണ്ടറി പരീക്ഷയുടെ നോട്ടിഫിക്കേഷൻ

### രണ്ടാം വർഷ പ്രവേശനം

**യോഗ്യതകളും മാനദണ്ഡങ്ങളും**

1. 2008-09/2009-10 അധ്യയനവർഷം മുതൽ കേരള സിലബസിൽ ഒന്നാം വർഷ ഹയർ സെക്കണ്ടറി കോഴ്സിന് അഡ്മിഷൻ ലഭിച്ച് 2009-2018 മാർച്ച് വരെ നടന്ന ഒന്നാം വർഷ ഹയർസെക്കണ്ടറി പരീക്ഷയ്ക്ക് ഫീസ് അടച്ച് രജിസ്റ്റർ ചെയ്യുകയും രണ്ടാം വർഷ പരീക്ഷയ്ക്ക് ഫീസ് ഒടുക്കുവാൻ സാധിക്കാത്തതുമായ വിദ്യാർഥികൾക്ക് രണ്ടാം വർഷ പ്രവേശനത്തിന് അപേക്ഷിക്കാം. 2018 മാർച്ചിൽ ഒന്നാം വർഷ ഹയർസെക്കണ്ടറി പരീക്ഷ എഴുതിയ റഗുലർ സ്കൂൾ വിദ്യാർഥികൾക്കും രണ്ടാം വർഷത്തേക്ക് സ്കോൾ കേരള മുഖേന രജിസ്റ്റർ ചെയ്ത് 2019 മാർച്ചിലെ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് നടത്തുന്ന രണ്ടാം വർഷ പരീക്ഷ എഴുതാൻ സാധിക്കും.
2. സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ., മറ്റ് സ്റ്റേറ്റ് ബോർഡുകൾ എന്നിവ മുഖാന്തിരം ഒന്നാം വർഷ ഹയർ സെക്കണ്ടറി പഠനം പൂർത്തിയാക്കിയ ശേഷം രണ്ടാം വർഷം കേരള സിലബസിൽ SCOLE-Kerala മുഖാന്തിരം പഠിക്കാനാഗ്രഹിക്കുന്ന വിദ്യാർഥികൾക്കും (ലാറ്ററൽ എൻട്രി വിഭാഗം) നിബന്ധനകൾക്ക് വിധേയമായി രണ്ടാം വർഷ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാം. ഈ വിദ്യാർഥികൾ നിർബന്ധമായും 2018 ജൂലൈ മാസത്തിൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് നടത്തുന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ (ഉപഭാഷ ഉൾപ്പെടെ) എഴുതേണ്ടതാണ്.
3. ഒന്നാം വർഷ പൊതുപരീക്ഷയിൽ രജിസ്റ്റർ ചെയ്ത ശേഷം പരീക്ഷയ്ക്ക് ഹാജരാകാത്തവർ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷകൾ നിർബന്ധമായും എഴുതിയിരിക്കണം.
4. സ്കോൾ-കേരള (കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ) റഗുലർ സ്ട്രീമിൽ അനുവദിച്ചിട്ടുള്ള സബ്ജക്ട് കോമ്പിനേഷനിൽ മാത്രമേ രണ്ടാം വർഷ പ്രവേശനം അനുവദിക്കുകയുള്ളൂ. ഓപ്പൺ റഗുലർ സ്ട്രീമിൽ നിലവിലുള്ള സബ്ജക്ട് കോമ്പിനേഷനുകളും ഫീസ് ഘടനയും ചുവടെ ചേർക്കുന്നു.

| ക്രമ നം | സബ്ജക്ട് കോഡ് | ഐച്ഛിക വിഷയങ്ങൾ | ഫീസ് ഘടന | | | | | |
|---|---|---|---|---|---|---|---|---|
| | | | കോഴ്സ് ഫീസ് | ലാബ് ഫീസ് | കോഷൻ ഡെപ്പോസിറ്റ് | തപാൽ ചാർജ്ജ് | ഓൺലൈൻ പ്രൊസസിംഗ് ഫീസ് | ആകെ |
| 1 | 01 | ഫിസിക്സ്, കെമിസ്ട്രി മാത്തമാറ്റിക്സ്, ബയോളജി | 1875 | 1250 | 500 | 200 | 25 | 3850 |
| 2. | 05 | ഫിസിക്സ്, കെമിസ്ട്രി മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ് | 1875 | 1350 | 600 | 200 | 25 | 4050 |
| 3. | 09 | ഫിസിക്സ്, കെമിസ്ട്രി ബയോളജി, സൈക്കോളജി | 1875 | 1250 | 500 | 200 | 25 | 3850 |
| 4. | 11 | ഹിസ്റ്ററി, ഇക്കണോമിക്സ് പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി | 1875 | – | – | 200 | 25 | 2100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6. | 16 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് സോഷ്യൽ വർക്ക് | 1875 | – | – | 200 | 25 | 2100 |
| 5. | 30 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് | 1875 | – | – | 200 | 25 | 2100 |
| 8. | 36 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി ഇക്കണോമിക്സ്, മാത്തമാറ്റിക്സ് | 1875 | – | – | 200 | 25 | 2100 |
| 9. | 37 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ് | 1875 | – | – | 200 | 25 | 2100 |
| 10. | 38 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ് പൊളിറ്റിക്കൽ സയൻസ് | 1875 | – | – | 200 | 25 | 2100 |
| 7. | 39 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് | 1875 | 600 | 100 | 200 | 25 | 2800 |

## രണ്ടാം വർഷ പുനഃപ്രവേശനം

**യോഗ്യതകളും മാനദണ്ഡങ്ങളും**

1. 2008-09/2009-10 അധ്യയനവർഷം മുതൽ കേരള സിലബസിൽ SCOLE-Kerala (കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ) ഓപ്പൺ റഗുലർ, പ്രൈവറ്റ് എന്നീ വിഭാഗങ്ങളിൽ രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ ഏതെങ്കിലും കാരണവശാൽ രണ്ടാം വർഷ പരീക്ഷയ്ക്ക് ഫീസ് ഒടുക്കിയിട്ടില്ലെങ്കിൽ മുമ്പ് രജിസ്റ്റർ ചെയ്തിരുന്ന അതേ സബ്ജക്ട് കോമ്പിനേഷനിൽ രണ്ടാം വർഷം പുനഃപ്രവേശനത്തിന് അപേക്ഷിക്കാം.

**പുനഃപ്രവേശന ഫീസ്**

2016-18 ബാച്ചിൽ രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ പുനഃപ്രവേശനം നേടുന്നതിന് 250/- രൂപയും അതിനു മുമ്പ് രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ 500/- രൂപയും പുനഃപ്രവേശന ഫീസായി ഒടുക്കേണ്ടതാണ്.

### അപേക്ഷിക്കേണ്ട വിധം

രണ്ടാം വർഷ പ്രവേശനം/പുനഃപ്രവേശനം നേടാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ www.scolekerala.org എന്ന വെബ്സൈറ്റ് മുഖാന്തിരം നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നത് പ്രകാരം ഓൺലെയിനായി അപേക്ഷിക്കേണ്ടതാണ്. ഓൺലെയിൻ അപേക്ഷയുടെ പ്രിന്റ് ഔട്ടും ആവശ്യമായ മറ്റ് രേഖകളും സഹിതം നിശ്ചിത തീയതികൾക്കകം നേരിട്ടോ രജിസ്റ്റേഡ്/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ സംസ്ഥാന ഓഫീസിൽ എത്തിക്കേണ്ടതാണ്.

### അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. അസ്സൽ എസ്.എസ്.എൽ.സി.സർട്ടിഫിക്കറ്റ്/ തത്തുല്യ യോഗ്യതാ സർട്ടിഫിക്കറ്റും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഓരോ പകർപ്പും.
2. അസ്സൽ ഒന്നാം വർഷ മാർക്ക് ലിസ്റ്റും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പും.
3. നിശ്ചിത ഫീസ് ഒടുക്കിയ അസ്സൽ ചെലാൻ

4 രണ്ടാം വർഷത്തേക്ക് പ്രൊമോട്ട് ചെയ്തുകൊണ്ടുള്ള/ഒന്നാം വർഷ കോഴ്സ് പൂർത്തിയാക്കിയ അസ്സൽ ടി.സി.

4. രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള ബന്ധപ്പെട്ട പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം.

### വിദ്യാർഥികൾക്കുള്ള നിർദേശങ്ങൾ

1. രണ്ടാംവർഷ പ്രവേശനം/ പുനഃപ്രവേശനം നേടുന്ന വിദ്യാർഥികൾ സി.ഇയുടെ ഭാഗമായുള്ള പ്രോജക്ടും അസൈൻമെന്റും ബന്ധപ്പെട്ട പഠന/പരീക്ഷാ കേന്ദ്രം പ്രിൻസിപ്പൽമാരുടെ നിർദേശ പ്രകാരം യഥാസമയം സമർപ്പിക്കേണ്ടതാണ്.

2. രണ്ടാംവർഷ പ്രവേശനം/ പുനഃപ്രവേശനം ലഭിക്കുന്നവർക്ക് ജില്ലയിൽ ഒരു പഠന/പരീക്ഷ കേന്ദ്രം മാത്രമേ അനുവദിക്കുകയുള്ളൂ.

3. പഠന/പരീക്ഷ കേന്ദ്രം അനുവദിക്കാനുള്ള അധികാരം സ്കോൾ കേരള എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

4. 2009 മുതൽ 2018 മാർച്ച് വരെ ഹയർ സെക്കണ്ടറി ഒന്നാം വർഷ പരീക്ഷയിൽ എല്ലാ വിഷയങ്ങളിലോ, ചില വിഷയങ്ങളിലോ ഹാജരാകാതെ മാർക്ക് ലിസ്റ്റിൽ Absent രേഖപ്പെടുത്തിയ വിദ്യാർഥികൾ രണ്ടാംവർഷ അഡ്മിഷൻ/ പുനഃപ്രവേശനം നേടുമ്പോൾ 2018 ജൂലൈ മാസം നടത്തുന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ നിർബന്ധമായും എഴുതേണ്ടതാണ്.

5. രണ്ടാംവർഷ പ്രവേശനത്തിന്റെയും/ പുനഃപ്രവേശനത്തിന്റെയും സമയ പരിധി **07.06.2018** മുതൽ **19.06.2018** വരെയാണ്.

6. ഓൺലൈൻ രജിസ്ട്രേഷൻ നടത്തി, പ്രിന്റ് എടുത്ത അപേക്ഷയും നിർദ്ദിഷ്ട രേഖകളും എക്സിക്യൂട്ടീവ് ഡയറക്ടർ സ്കോൾ കേരള, വിദ്യാഭവൻ, പൂജപ്പുര.പി.ഒ, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ നേരിട്ടോ, സ്പീഡ്/രജിസ്ട്രേഡ് തപാൽ മാർഗ്ഗമോ ജൂൺ 21, വൈകുന്നരം 5 മണിക്കകം ലഭിച്ചിരിക്കണം. അതിനുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുകയില്ല.

7. അപേക്ഷയുടെ പ്രിന്റ് ഔട്ടിനോടൊപ്പം ലഭിക്കുന്ന SCOLE-Kerala ചെലാൻ മുഖേന കേരളത്തിലെ ഏതെങ്കിലും ഒരു പോസ്റ്റ് ഓഫീസിൽ ഫീസ് ഒടുക്കാവുന്നതാണ്. ബാങ്ക്/ട്രഷറി ചെലാൻ സ്വീകരിക്കുന്നതല്ല. ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല.

**ഒപ്പ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**